**പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-2017)**

# പട്ടികവർഗ ഉപപദ്ധതി

**(ഊരുമൂപ്പൻമാർക്കും പ്രൊമോട്ടർമാർക്കുമുള്ള കൈപുസ്തകം)**

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
മുളങ്കുന്നത്തുകാവ് പി.ഒ., തൃശൂർ - 680 581

ആഗസ്റ്റ് 2012

| | |
|---|---|
| **12th Five Year Plan (2012-2017)** | **പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി** (2012 – 2017) |
| **Tribal Sub-Plan** | **പട്ടികവർഗ ഉപപദ്ധതി** |
| **(Handbook for Oorumoopans and Promotors)** | (ഊരുമൂപ്പർമാർക്കും പ്രൊമോട്ടർമാർക്കുമുള്ള കൈപുസ്തകം) |
| August 2012 | ആഗസ്റ്റ് 2012 |
| Chief Editor : | ചീഫ് എഡിറ്റർ : |
| **Dr. P. P. Balan** | **ഡോ. പി.പി. ബാലൻ** |
| Director, KILA | ഡയറക്ടർ, കില |
| Editor : | എഡിറ്റർ : |
| **Dr. J. B. Rajan** | **ഡോ. ജെ. ബി. രാജൻ** |
| Course Director, KILA | കോഴ്സ് ഡയറക്ടർ, കില |
| Prepared by : | തയ്യാറാക്കിയത്: . |
| **Sri. V.K. Mohankumar** | **ശ്രീ വി.കെ. മോഹൻകുമാർ** |
| Extension Faculty, KILA | എക്സ്റ്റൻഷൻ ഫാക്കൽറ്റി, കില |
| **Sri. E.G. Joseph** | **ശ്രീ ഇ.ജി. ജോസഫ്** |
| Extension Faculty, KILA | എക്സ്റ്റൻഷൻ ഫാക്കൽറ്റി, കില |
| Support : | സഹായം: |
| **U.V. Baburaj** | **യു. വി. ബാബുരാജ്** |
| Training Cordinator | ട്രെയിനിംഗ് കോ - ഓഡിനേറ്റർ |
| DTP | ഡി.ടി.പി. |
| **Jitto P. George** | **ജിറ്റോ പി. ജോർജ്** |
| Published by | പ്രസാദനം : |
| KILA | കില |
| Mulamkunnathukavu, | മുളങ്കുന്നത്തുകാവ്, |
| Thrissur – 680581 | തൃശൂർ 680581 |
| Phone: 0487-2201768, | ഫോൺ : 0487 – 2201768, |
| 2200244 (Office) | 2200244 (ഓഫീസ്) |
| 0487-2201312 (Director) | 0487 – 2201312(ഡയറക്ടർ) |
| 0487-2201062 (Fax) | 0487 – 2201062 (ഫാക്സ്) |
| e-mail: mail@kilaonline.org | ഇ - മെയിൽ : mail@kilaonline.org |
| Website : www.kilaonline.org | വെബ്സൈറ്റ്: www.kilaonline.org |
| Printed at | അച്ചടി |
| Co-operative Press, Mulamkunnathukavu | കോ - ഓപ്പറേറ്റീവ് പ്രസ്സ്, മുളങ്കുന്നത്തുകാവ് |
| Ph: 0487-2200391 | ഫോൺ : 0487 – 2200391 |

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| പ്രസാധക കുറിപ്പ് | | |
| തദ്ദേശഭരണസ്ഥാപനങ്ങളും പട്ടികവർഗ വികസനവും | | 7 |
| 1. | പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ പട്ടികവർഗ ഉപപദ്ധതി | 11 |
| 2. | പട്ടികവർഗ വിഭാഗങ്ങൾ മൂപ്പൻ പദവിയുടെ പ്രാധാന്യം | 15 |
| 3. | ഊരുകൂട്ടയോഗങ്ങൾ സംഘടിപ്പിക്കൽ | 17 |
| അനുബന്ധം 1: | പട്ടികവർഗ പ്രൊമോട്ടർമാരുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗരേഖ | 23 |
| അനുബന്ധം 2: | പട്ടികവർഗ ലിസ്റ്റ് | 31 |



# പ്രസാധക കുറിപ്പ്

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പ്രാദേശിക വികസനവും സാമൂഹ്യ നീതിയും ഉറപ്പുവരുത്താൻ ദീർഘവീക്ഷണത്തോടെ പദ്ധതികൾക്ക് രൂപം നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഓരോ പ്രദേശത്തിന്റെയും ജനങ്ങളുടേയും സമഗ്ര വികസനമാണ് വിവിധതലത്തിലുള്ള സംയോജനത്തിൽക്കൂടി ഉദ്ദേശിക്കുന്നത്. ഇതേവരെ പൊതുജീവിതമേഖലകളുമായി പൂർണ്ണമായും ബന്ധപ്പെടുത്തുവാൻ കഴിയാതെ നിൽക്കുന്ന ഒരു ജനതയാണ് പട്ടികവർഗ വിഭാഗത്തിൽ ഉൾപ്പെട്ട ഭൂരിഭാഗം പേരും. ഭരണഘടന നൽകുന്ന പരിരക്ഷകൾ പ്രയോജനപ്പെടുത്താൻ പട്ടികവർഗ വിഭാഗങ്ങളെ പ്രാപ്തരാക്കുവാനുള്ള ചുമതല പൊതുസമൂഹത്തിന്റെ കടമയാണ്. പട്ടികവർഗ ഉപപദ്ധതിയുടെ മേന്മ വർദ്ധിപ്പിക്കുവാനുള്ള ശ്രമത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക് വലുതാണ്.

ഗ്രാമസഭ കൂടാതെ, പട്ടികവർഗവിഭാഗങ്ങൾക്കായി മാത്രം സംഘടിപ്പിക്കുന്ന ഊരുകൂട്ടം തികച്ചും ജനാധിപത്യത്തിന്റെയും അധികാര വികേന്ദ്രീകരണത്തിന്റെയും അർത്ഥതലങ്ങൾക്ക് വ്യാഖ്യാനം നൽകുന്ന വേദിയാണ്. ഗോത്രസംസ്കൃതിയുടെ സ്വയംഭരണ രീതിക്കുള്ള അംഗീകാരം കൂടിയാണ് ഊരുകൂട്ട സംവിധാനം. ഇതിൽ പങ്കാളികളാവുന്ന വികസന ഏജൻസികളും ഗോത്രജനതയും ഇനിയും ബഹുദൂരം മുന്നേറുവാനുണ്ട്.

ഗോത്രജീവിതത്തിൽ പാരമ്പര്യ പദവി വഹിക്കുന്നവർക്കുള്ള സ്വാധീനം വിലയേറിയതാണ്. ഇതേ സമയം പുതിയ തലമുറയുടെ അറിവും ഊർജ്ജവും മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് സമൂഹത്തിന്റെ നന്മക്ക് വേണ്ടി കൂടിയിണക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വിവിധങ്ങളായ കാഴ്ച്ചപ്പാടുകളെ കണ്ണിചേർത്ത് ഗോത്ര ജീവിതത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് നേതൃത്വം നൽകുവാൻ ഊർമൂപ്പൻമാർക്കും, പ്രൊമോട്ടർമാർക്കും കഴിയുന്നതാണ്. ഇവർക്ക് ആവശ്യമായ മാനസികമായ തയ്യാറെടുപ്പ്, ശേഷി, കഴിവ് എന്നിവ വർദ്ധിപ്പിക്കുവാനുള്ള പരിശീലനപരിപാടിയ്ക്ക് കില രൂപകല്പനചെയ്തിട്ടുണ്ട്. ഊരുമൂപ്പൻമാർക്കും പ്രൊമോട്ടർമാർക്കുമായി തയ്യാറാക്കിയിരിക്കുന്ന ഈ കൈപുസ്തകം അവരുടെ ദൗത്യം നിറവേറ്റാനുള്ള അറിവുപകരുവാൻ ഉപകരിക്കുമെന്നും പ്രതീക്ഷിക്കുന്നു.

30/07/2012

**ഡോ. പി.പി. ബാലൻ**
ഡയറക്ടർ, കില

BLANK

## തദ്ദേശഭരണസ്ഥാപനങ്ങളും പട്ടികവർഗ വികസനവും

പി.കെ ജയലക്ഷ്മി
പട്ടികവർഗക്ഷേമ യുവജനകാര്യ വകുപ്പുമന്ത്രി

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പട്ടികവർഗം ഉൾപ്പെടെയുള്ള ദുർബല വിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ എത്രമാത്രം നീതി പുലർത്താനായി എന്നത് വികസന പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിൽ പ്രധാനപ്പെട്ട മാനദണ്ഡമാണ്. കഴിഞ്ഞ പതിനൊന്ന് പഞ്ചവത്സര പദ്ധതികളിലൂടെ വിവിധ മേഖലകളിൽ സംസ്ഥാനം കൈവരിച്ച വികസന നേട്ടങ്ങളിൽ പൊതുസമൂഹത്തോടൊപ്പം പൂർണ്ണതോതിൽ ഭാഗമാക്കാകുവാൻ കഴിയാതെപോയ ഈ വിഭാഗങ്ങൾക്ക് സവിശേഷ പരിഗണന നൽകുവാൻ നമുക്ക് കഴിയേണ്ടതുണ്ട്. വികസന പ്രക്രിയയിൽ ഉൾപ്പെടാതെ പോയവരെ കൂടി ഉൾപ്പെടുത്തുമ്പോൾ മാത്രമെ സാമൂഹിക നീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം യാഥാർത്ഥ്യമാകുകയുള്ളൂ. അധികാര വികേന്ദ്രീകരണവും ജനകീയ പങ്കാളിത്തത്തോടെയുള്ള ആസൂത്രണ പ്രക്രിയയും കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളിൽ വികസനത്തിന്റെ പുതിയ മാതൃകകൾ സൃഷ്ടിക്കുകയുണ്ടായി. പട്ടികവർഗ ഉപപദ്ധതിക്കായി വകയിരുത്തിയ തുകയുടെ 50 ശതമാനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായി മാറ്റിവച്ചു. പട്ടികവർഗ ജനസമൂഹത്തിന്റെ ജീവിതസാഹചര്യങ്ങൾ കണക്കിലെടുത്ത് പദ്ധതികൾ ആവിഷ്ക്കരിക്കുക, ഗുണമേന്മയുള്ള ആസൂത്രണ നിർവ്വഹണ സംവിധാനങ്ങൾ സൃഷ്ടിക്കുക, ഫലപ്രദമായ സൂക്ഷ്മതല മോണിട്ടറിംഗ് നടപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ തദ്ദേശഭരണസ്ഥാപനങ്ങളിലൂടെ പട്ടികവർഗ സമൂഹത്തിന്റെ വികസനം സാധ്യമാക്കുക എന്നതായിരിന്നു ഇതിന്റെ ഉദ്ദേശ്യം. വികസനം എന്നത് ഭൗതിക സൗകര്യങ്ങൾ ഒരുക്കുക മാത്രമല്ലെന്നും ഒരു സമൂഹം എന്ന നിലയിൽ അർത്ഥപൂർണ്ണമായ നിലനിൽപ്പിന് സൗകര്യം ഉണ്ടാവുന്ന അവസ്ഥ സൃഷ്ടിക്കുക എന്നതാണെന്നുമുള്ള തിരിച്ചറിവിന്റെ ഫലമായി അനേകം ഗുണമേന്മയുള്ള പ്രോജക്ടുകൾ തദ്ദേശഭരണസ്ഥാപനങ്ങൾ ആവിഷ്ക്കരിക്കുകയും നടപ്പാക്കുകയും ചെയ്തു. പക്ഷേ, കേരളത്തിലെ പട്ടികവർഗക്കാരുടെ ജീവിതസാഹചര്യം പ്രതീക്ഷക്കൊപ്പം ഉയർന്നില്ല. മാത്രമല്ല, പട്ടികവർഗക്കാരുടെ വികസനത്തിന്റെ വളർച്ചാ നിരക്ക് മറ്റ് വിഭാഗങ്ങളുടേതിനെ അപേക്ഷിച്ച് വളരെ കുറഞ്ഞതോതിലാണ് എന്ന വസ്തുത വിവധ പഠനങ്ങളിലൂടെ വെളിപ്പെടുകയും ചെയ്തു.

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ പടിവാതിൽക്കൽ നിൽക്കുമ്പോൾ ഈ വസ്തുത ഗൗരവപൂർവ്വം പരിഗണിക്കേണ്ടതായിട്ടുണ്ട്. പട്ടികവർഗ വികസനത്തിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പട്ടികവർഗ വികസന വകുപ്പും കൈകോർത്ത് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഇന്ന് സംജാതമായിട്ടുണ്ട്. സംസ്ഥാന ബജറ്റിൽ 110.98 കോടി രൂപയാണ് തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള പട്ടികവർഗ ഉപപദ്ധതി വിഹിതമായി 2012-13

വർഷത്തിൽ വകയിരുത്തിയിട്ടുള്ളത്. 418 ഗ്രാമപഞ്ചായത്തുകൾക്കും 101 ബ്ലോക്ക് പഞ്ചായത്തുകൾക്കും, 14 ജില്ലാപഞ്ചായത്തുകൾക്കുമാണ് ഈ തുക വീതിച്ചു നൽകിയിട്ടുള്ളത്. 7 നഗരസഭകൾക്കു മാത്രമാണ് തുക വകയിരുത്തിയിട്ടുള്ളത്. പട്ടികവർഗ ജനസംഖ്യയുടെ അനുപാതത്തിൽ വിതരണം നടത്തുമ്പോൾ 166 ഗ്രാമപഞ്ചായത്തുകൾക്ക് രണ്ടു ലക്ഷം രൂപയിൽ താഴെമാത്രമാണ് ലഭിക്കുന്നത്. ഒരു കോടി രൂപയിൽ കൂടുതൽ ലഭിക്കുന്ന 15 ഗ്രാമപഞ്ചായത്തുകളുണ്ട്.

പ്രത്യക്ഷ ജനാധിപത്യത്തിന്റെ വേദികളാണ് ഗ്രാമസഭയും ഊരുകൂട്ടവും. ഇവയെ ശാക്തീകരിക്കുന്നതിലൂടെ ജനാധിപത്യത്തെ അഗാധവത്ക്കരിക്കുകയാണ് നാം ചെയ്യുന്നത്. ഓരോ പ്രദേശത്തിന്റെയും പ്രശ്നങ്ങളും വികസന ആവശ്യങ്ങളും ഇഴപിരിച്ച് അറിയുന്നതിനും അവയ്ക്ക് അനുയോജ്യമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനുമുള്ള ഏറ്റവും ഫലപ്രദമായ വേദികളായി ഈ സൂക്ഷ്മതല ജനാധിപത്യ സംവിധാനത്തെ പ്രയോജനപ്പെടുത്തുന്നതിന് സാധിക്കണം. പട്ടികവർഗ ഉപപദ്ധതി രൂപീകരിക്കുമ്പോൾ ഊരുകൂട്ടങ്ങൾ നിർബന്ധമായും വിളിച്ച് ചേർക്കുകയും 50 ശതമാനം തുകയെങ്കിലും ഈ വിഭാഗത്തിന്റെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായവരുടെ പരിചരണ സേവനങ്ങളുടെ പാക്കേജിനായി മാറ്റി വെയ്ക്കണം. ഓരോ കുടുംബത്തിന്റേയും സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന് ഊന്നൽ നൽകുന്ന പ്രോജക്ടുകൾ കണ്ടെത്താൻ ശ്രമിക്കണം. അടിസ്ഥാന സൗകര്യവികസനം, ഉൽപാദനം തുടങ്ങിയ മേഖലകളെക്കാൾ കുടുംബകേന്ദ്രീകൃത സമീപനമാണ് കൂടുതൽ ഫലപ്രദമാകുക. പട്ടികവർഗ പ്രദേശങ്ങൾ വികസിക്കുകയും, പട്ടികവർഗ വിഭാഗങ്ങൾ വേണ്ടത്ര പുരോഗതി നേടാതിരിക്കുകയും ചെയ്യുന്നു എന്ന സ്ഥിതിക്ക് മാറ്റം വരുത്തുന്നതിന് ബോധപൂർവ്വമായ ഇടപെടൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സാരഥികളിൽ നിന്നും ഉണ്ടാവേണ്ടതുണ്ട്. പട്ടികവർഗ ഫണ്ട് വിനിയോഗത്തിന് മേഖലാവിഭജനം സംബന്ധിച്ച് നിബന്ധനകൾ ഒന്നുംതന്നെ സർക്കാർ നൽകിയിട്ടില്ല എന്നത് തദ്ദേശഭരണസ്ഥാപനങ്ങളെ വിശ്വാസത്തിൽ എടുത്തിരിക്കുന്നതിന്റെ സൂചനയാണ്. പക്ഷേ, റോഡുകളുടെ നിർമ്മാണം കോളനികൾക്കുള്ളിലെ റോഡുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. പട്ടികവർഗ കോളനിയിലേക്ക് റോഡ് നിർമ്മിക്കുമ്പോൾ ആവശ്യമെങ്കിൽ ആനുപാതികമായ തുക പട്ടികവർഗ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്. പട്ടികവർഗ വികസന വകുപ്പിന്റെ പദ്ധതികളിൽ 50 ശതമാനത്തിലധികം വിദ്യഭ്യാസകാര്യങ്ങൾക്കാണ് ചെലവഴിക്കുന്നത്. സമർത്ഥരായ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ വിദ്യഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി സഹായം നൽകാൻ കഴിയും. വിദേശത്ത് ജോലി ലഭ്യമാക്കുന്നതിനുള്ള ധനസഹായവും പട്ടികവർഗ ഉപപദ്ധതിയിൽ വകയിരുത്താവുന്നതാണ്.

പട്ടികവർഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താനും വകുപ്പിന്റെ പ്രവർത്തനങ്ങളുമായി പരസ്പരപൂരകമായി പ്രവർത്തിക്കാനും കഴിയണം. ആസൂത്രണത്തിലും നിർവ്വഹണത്തിലും പട്ടികവർഗ ഉപപദ്ധതിക്ക് പ്രാഥമപരിഗണന നൽകുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർക്ക് മാർഗ്ഗദർശകമാവേണ്ടത് ജനപ്രതിനിധിക

ളാണ്. ആരോഗ്യം, വിദ്യഭ്യാസം, വനം, കുടിവെള്ളം, ഉപജീവനഉപാധികൾ തുടങ്ങി ഓരോ ഊരിലും വ്യത്യസ്തമായ ആവശ്യങ്ങളും പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. കുറുമ്പർ, കാടർ, കൊറഗർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ എന്നീ പ്രാക്തനഗോത്രവർഗ വിഭാഗങ്ങൾ മുതൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും ജനസംഖ്യയിൽ ഒന്നാം സ്ഥാനത്തുള്ളതുമായ പണിയർ ഉൾപ്പെടെ 36 പട്ടികവർഗ വിഭാഗങ്ങളാണ് സംസ്ഥാനത്തിലുള്ളത്. ഓരോ വിഭാഗത്തിനും വ്യത്യസ്തമായ ആചാരങ്ങളും, അനുഷ്ഠാനങ്ങളും, ഭാഷയും, വേഷവും, സംസ്കാരവുമുണ്ട്. സാമൂഹ്യശാസ്ത്രപരമായും നരവംശശാസ്ത്രപരമായും വ്യത്യസ്തതകളുണ്ട്. കേവലം സാമ്പത്തിക പിന്നോക്കാവസ്ഥ എന്ന നിലയിൽ മാത്രം ഈ വിഭാഗങ്ങളുടെ പ്രശ്നങ്ങളെ സമീപിക്കുന്നത് പലപ്പോഴും വേണ്ടത്ര ഫലപ്രദമാകാതെ പോകുന്നുണ്ട്. സ്വന്തം പിന്നോക്കാവസ്ഥകളും പ്രശ്നങ്ങളും സ്വയം തിരിച്ചറിയുന്നതിനും വിശകലനം ചെയ്യുന്നതിനും അതിൽ നിന്നുള്ള മോചനത്തിന്റെ മാർഗങ്ങൾ കണ്ടെത്തുന്നതിനും ഈ വിഭാഗങ്ങൾക്ക് ശേഷിയുണ്ടാക്കുവാൻ ഊരുകൂട്ടങ്ങൾ കേന്ദ്രീകരിച്ച പ്രവർത്തനത്തിലൂടെ ശ്രമിക്കേണ്ടതുണ്ട്. ഓരോരുത്തരുടെയും ജീവിതം എങ്ങനെ ആയിരിക്കണമെന്ന് അവരവർതന്നെ തീരുമാനിക്കുകയും ആ തീരുമാനം ഇച്ഛാനുസരണം പ്രാവർത്തികമാക്കാനുള്ള അവസരവും കഴിവും അവർക്ക് ലഭ്യമാവുകയും ചെയ്യുമ്പോഴാണ് ഒരു സമൂഹം വികസനത്തിന്റെ പാതയിലാണ് എന്ന് പറയാൻ കഴിയുക. ഇതിന് വിദ്യാഭ്യാസപരിമായും, ആരോഗ്യപരമായും, സാമ്പത്തികമായും, സാമൂഹികമായും ശാക്തീകരിക്കപ്പെടണം. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഇതിനായുള്ള പ്രവർത്തനം കൂടുതൽ കാര്യക്ഷമതയോടെ ഫലപ്രാപ്തിയിലെത്തിക്കാൻ കഴിയും എന്ന് പ്രത്യാശിക്കാം.

(കടപ്പാട്: പഞ്ചായരാജ്, ലക്കം 4, ജൂലൈ 2012)

## പട്ടിക- 1
## കേരളത്തിലെ പട്ടികവർഗജനസംഖ്യ (2008)

| ക്രമ നമ്പർ | ജില്ല | ആകെ | ശതമാനം |
|---|---|---|---|
| 1. | വയനാട് | 1,53,181 | 35.93 |
| 2. | ഇടുക്കി | 52,913 | 12.41 |
| 3. | കാസർഗോഡ് | 47,791 | 11.21 |
| 4. | പാലക്കാട് | 46,948 | 11.01 |
| 5. | കണ്ണൂർ | 37,772 | 8.86 |
| 6. | തിരുവനന്തപുരം | 17,185 | 4.03 |
| 7. | കോട്ടയം | 16,764 | 3.94 |
| 8. | മലപ്പുറം | 14,496 | 3.40 |
| 9. | കോഴിക്കോട് | 10,627 | 2.50 |
| 10. | എറണാകുളം | 8936 | 2.10 |
| 11. | പത്തനംതിട്ട | 6379 | 1.50 |
| 12. | തൃശ്ശൂർ | 5561 | 1.31 |
| 13. | കൊല്ലം | 4641 | 1.09 |
| 14. | ആലപ്പുഴ | 3014 | 0.71 |
| | **ആകെ** | **4,26,208** | **100.00** |

അവലംബം : തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ വികസ വകുപ്പ്, 2008



# 1 പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ പട്ടികവർഗ ഉപപദ്ധതി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ 12-ാം പഞ്ചവത്സരപദ്ധതിക്കായുള്ള ആസൂത്രണ മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ. (എം.എസ്) നമ്പർ 168/12/തസ്വഭവ. തീയതി 15-6-2012) ഇതനുസരിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും പഞ്ചവത്സരപദ്ധതിയും വാർഷിക പദ്ധതികളും തയ്യാറാക്കണം. പട്ടികവർഗക്കാർ താമസിക്കുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ വികസന രേഖ, പദ്ധതിരേഖ എന്നിവക്കൊപ്പം പട്ടികവർഗ ഉപപദ്ധതി രേഖയും പ്രത്യേക മായി തയ്യാറാക്കണം. പട്ടികവർഗ ഉപപദ്ധതി തയ്യാറാക്കുന്നതിൽ എസ്.ടി പ്രൊമോട്ടർമാർക്ക് നിർണ്ണായകമായ ചുമതലകൾ നിർവ്വഹിക്കാനുണ്ട്.

**വർക്കിംഗ് ഗ്രൂപ്പുകൾ ( മാർഗ്ഗരേഖയുടെ ഖണ്ഡിക 11.2 കാണുക)**

- ഗ്രാമപഞ്ചായത്തിലെ/ നഗരസഭയിലെ മുഴുവൻ എസ്.റ്റി പ്രൊമോട്ടർമാരെയും വർക്കിംഗ് ഗ്രൂപ്പുകളിൽ അംഗങ്ങളാക്കേണ്ടതാണ്.
- ബ്ലോക്ക് പഞ്ചായത്തുകളും, ജില്ലാ പഞ്ചായത്തുകളും 3 വീതം എസ്.റ്റി പ്രൊമോട്ടർമാരെ അവരവരുടെ വർക്കിംഗ് ഗ്രൂപ്പുകളിൽ അംഗങ്ങളാക്കേണ്ടതാണ്.
- പട്ടികവർഗ ഉപപദ്ധതി തയ്യാറാക്കേണ്ട തദ്ദേശഭരണസ്ഥാപനങ്ങളിൽ പട്ടികവർഗക്കാ രുടെ ജനസംഖ്യക്കു ആനുപാതികമായി ആ വിഭാഗത്തിൽപ്പെട്ടവരെ ഓരോ വർക്കിംഗ് ഗ്രൂപ്പിലും അംഗങ്ങളാക്കേണ്ടതാണ്.

**പട്ടികവർഗ ഉപപദ്ധതി - നിബന്ധനകൾ (മാർഗ്ഗരേഖയുടെ അനുബന്ധം - 2 കാണുക)**

1. പട്ടികവർഗ വിഭാഗക്കാരുടെ വികസനത്തിനു വേണ്ടി ഓരോ തദ്ദേശഭരണസ്ഥാപനവും പട്ടികവർഗ ഉപപദ്ധതി കൂടി തയ്യാറാക്കണം
2. പട്ടികവർഗ വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യവികസനം എന്നീ മൂന്നു വിഭാഗങ്ങളിൽ പദ്ധതികൾ ഉണ്ടായിരിക്കേണ്ടതാണ്.
3. പട്ടികവർഗ സർവ്വേയിലൂടെ ലഭ്യമായിട്ടുള്ള വിശദമായ സ്ഥിതി വിവരകണക്കുകൾ പ്രയോ ജനപ്പെടുത്തി കുടുംബ കേന്ദ്രീകൃത (Household Approach) സമീപനത്തിന്റെ അടിസ്ഥാ നത്തിൽ ഉള്ള വികസനത്തിനാണ് ഊന്നൽ കൊടുക്കേണ്ടത്. ആശ്രയ മാതൃകയിൽ

കുടുംബത്തെ ഒരു യൂണിറ്റായി പരിഗണിച്ച് അവരുടെ ആവശ്യങ്ങളും തുടർന്ന് ഊരിനെ ഒരു യൂണിറ്റായി പരിഗണിച്ച് അവരുടെ ആവശ്യങ്ങളും നിർണ്ണയിക്കണം.

4. പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കും കുടുംബങ്ങൾക്കും പ്രയോജനപ്പെടുന്ന പ്രോജക്ടുകളും ഊരുകളുടെ പൊതു സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രോജക്ടുകളും തയ്യാറാക്കാവുന്നതാണ്.

5. തദ്ദേശഭരണസ്ഥാപനത്തിന്റെ പരിധിയിൽ ഉള്ള മുഴുവൻ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പട്ടികവർഗ കുടുംബങ്ങളേയും ഉൾപ്പെടുത്തികൊണ്ട് ആശ്രയ മോഡൽ വികസന പരിപാടി തയ്യാറാക്കണം. ഓരോ കുടുംബത്തിലേയും ഓരോ വ്യക്തിയുടെയും ആവശ്യങ്ങൾ പരിഗണിക്കപ്പെടണം. ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും പട്ടികവർഗ ഉപപദ്ധതി തയ്യാറാക്കുമ്പോൾ ഗ്രാമപഞ്ചായത്തു പദ്ധതികൾ കൂടി പരിഗണിക്കണം.

6. കുറഞ്ഞത് അഞ്ച് പട്ടികവർഗ കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന പ്രദേശമാണ് പട്ടികവർഗ ഊര്. കുടിവെള്ളം, വൈദ്യുതി, റോഡ് എന്നീ പൊതു സൗകര്യങ്ങൾ ഊരുകളിൽ നടപ്പിലാക്കുമ്പോൾ അതിനായി പ്രാബല്യത്തിൽ വരുത്തിയിട്ടുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്. ഈ നിബന്ധനകൾ ചുവടെ കൊടുക്കുന്നു.

   a. ഊരുകളിൽ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി ജലസേചന പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ ഗുണഭോക്താക്കളിൽ 51% പട്ടികവർഗ വിഭാഗക്കാർ ആയിരിക്കണം. ജലസേചനം ചെയ്യാൻ ഉദ്ദേശിക്കുന്ന കൃഷിഭൂമിയുടെ 51% പട്ടികവർഗക്കാരുടെ കൈവശത്തിലുള്ളതും ആയിരിക്കണം. ഇക്കാര്യം തെളിയിക്കുന്നതിനായി പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ ഒരു സാമൂഹ്യഭൂപടം തയ്യാറാക്കി പ്രോജക്ടിനോടൊപ്പം വയ്ക്കേണ്ടതും, ഭൂപടത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ സ്ഥാനവും പ്രയോജനം ലഭിക്കുന്ന ഗുണഭോക്തൃ കുടുംബങ്ങളുടെ സ്ഥാനവും അടയാളപ്പെടുത്തേണ്ടതാണ്. പട്ടികവർഗക്കാരുടേയും മറ്റു വിഭാഗക്കാരുടേയും കൃഷിസ്ഥലം വ്യത്യസ്ത നിറങ്ങളിൽ അടയാളപ്പെടുത്തണം. പട്ടികവർഗ ഗുണഭോക്താക്കളുടെ പേരും, മേൽവിലാസവും അടങ്ങിയ ലിസ്റ്റും ഉൾപ്പെടുത്തേണ്ടതാണ്.

   b. പട്ടികവർഗ ഊരുകളിൽ വൈദ്യുതി എത്തിക്കുന്നതിനായി തയ്യാറാക്കുന്ന പ്രോജക്ടുകൾക്കൊപ്പം സാമൂഹ്യഭൂപടവും ഗുണഭോക്ക്താക്കളുടെ പട്ടികയും ഉണ്ടായിരിക്കണം. ഗുണഭോക്താക്കളിൽ 51% പട്ടികവർഗകുടുംബങ്ങൾ ആയിരിക്കണം. കെ.എസ്.ഇ.ബി യുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാക്കിയ എസ്റ്റിമേറ്റും ഉൾപ്പെടുത്തിയിരിക്കണം.

   c. പട്ടികവർഗ ഊരുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി തയ്യാറാക്കുന്ന പ്രോജക്ടുകൾക്കും സോഷ്യൽ മാപ്പ്, ഗുണഭോക്തൃ ലിസ്റ്റ്, എസ്റ്റിമേറ്റ് എന്നിവ ഉണ്ടായിരിക്കണം.

d. പട്ടികവർഗ ഉപപദ്ധതി വിഹിതം റോഡ് നിർമ്മാണത്തിനു വകയിരുത്താൻപാടില്ല. എന്നാൽ പട്ടികവർഗ ഊരുകളിലേക്ക് മാത്രമുള്ള നടപ്പാതകളും നടപ്പാലങ്ങളും 3 മീറ്റർ വരെ വീതിയിൽ നിർമ്മിക്കാവുന്നതാണ്.

e. പട്ടികവർഗ ഊരുകളിലേക്കുള്ള റോഡുകളുടെ നിർമ്മാണത്തിന് ജനറൽ ഫണ്ട് വിനിയോഗിക്കേണ്ടതാണ്. ഊരിനുള്ളിലെ റോഡുകൾക്ക് പട്ടികവർഗ ഉപപദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. പട്ടികവർഗ ഊരുകളിലേക്കുള്ള റോഡുകളുടെ വീതി 1.50 മീറ്റർ നിന്നും 3 മീറ്ററായി ഉയർത്തിയിട്ടുണ്ട്. പ്രസ്തുതറോഡുകളുടെ പ്രയോജനം പട്ടികവർഗക്കാർക്കും മറ്റുള്ളവർക്കും ലഭിക്കുന്നുണ്ടെങ്കിൽ പട്ടികവർഗ വികസനഫണ്ടിൽ നിന്നും ആനുപാതികമായി തുക ചെലവഴിക്കാവുന്നതാണ്.

7. കൃഷിഭൂമിയില്ലാത്ത പട്ടികവർഗക്കാർക്ക് പാട്ടകൃഷി ചെയ്യുന്നതിന് ധനസഹായം അനുവദനീയമാണ്.

8. പട്ടികവർഗ യുവജനങ്ങൾക്ക് വിദേശത്തു ജോലി ലഭ്യമാക്കുന്നതിനുള്ള ധനസഹായം നൽകാവുന്നതാണ്.

9. പട്ടികവർഗ ഉപപദ്ധതി ഫണ്ട് വിനിയോഗിച്ച് ചെയ്യുന്ന കുടിവെള്ള വിതരണ പ്രോജക്ടുകൾക്ക് ഗുണഭോക്തൃവിഹിതം നിർബന്ധമില്ല.

10. 10 ശതമാനമെങ്കിലും പട്ടികവർഗക്കാരായ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിൽ പട്ടികവർഗക്കാരായ വിദ്യാർത്ഥികൾക്ക് കുടുംബശ്രീ മുഖേന പ്രഭാതഭക്ഷണം പാചകം ചെയ്ത് നൽകാവുന്നതാണ്.

11. ഐ.എ.വൈ (ഇന്ദിരാ ആവാസ് യോജന) പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും പട്ടികവർഗ വികസന വകുപ്പ് മുഖേനയും ഭവനരഹിതർക്ക് വീടുകൾ അനുവദിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അപ്രകാരം പരമാവധി വീടുകൾ അനുവദിച്ച ശേഷവും ഭവനരഹിതർ അവശേഷിക്കുന്നുണ്ടെങ്കിൽ മാത്രം തദ്ദേശഭരണസ്ഥാപനങ്ങൾ വീടുകൾ അനുവദിച്ചാൽ മതിയാകും. ബന്ധപ്പെട്ട വകുപ്പു ഉദ്യോഗസ്ഥരിൽ നിന്ന് ഇതു സംബന്ധിച്ച സാക്ഷ്യപത്രം വാങ്ങി ഭവനനിർമ്മാണ പ്രോജക്ടുകൾക്കൊപ്പം സമർപ്പിക്കേണ്ടതാണ്.

12. കുടുംബത്തിനു മാത്രമെ വീടിന് അർഹതയുള്ളൂ. കുടുംബമെന്നാൽ ഭർത്താവ്, ഭാര്യ, അച്ഛനമ്മമാർ, മക്കൾ എന്നിവരടങ്ങുന്നതാകുന്നു. ഭാര്യയുടെ പേരിലായിരിക്കണം വീട് അനുവദിക്കേണ്ടത്. ഭാര്യ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ അപേക്ഷ സമർപ്പിക്കേണ്ടതും ഭാര്യ ആയിരിക്കണം.

13. ഭൂരഹിത ഭവന രഹിതർക്ക് വീട് ലഭ്യമാക്കുന്നതിനായിരിക്കണം ഏറ്റവും കൂടിയ മുൻഗണന നൽകേണ്ടത്.

14. 2009-ൽ നടത്തിയ സർവേ പ്രകാരം ബി.പി.എൽ കുടുംബമാണെന്നു സെക്രട്ടറിയും വാസയോഗ്യമായ വീടില്ല എന്ന് രണ്ട് ഉദ്യോഗസ്ഥരും സാക്ഷ്യപ്പെടുത്തിയവരിൽ നിന്നും

മുൻഗണനാ ക്രമത്തിലായിരിക്കണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്. ഐ.എ.വൈ ഉൾപ്പെടെയുള്ള എല്ലാ ഭവന നിർമ്മാണ പദ്ധതികൾക്കും ഈ നിബന്ധന ബാധകമായിരിക്കുന്നതാണ്.

15. ധനസഹായം ലഭിച്ച് നിർമ്മിച്ച വീടുകൾ 12 വർഷം വിൽക്കുവാനോ കൈമാറ്റം ചെയ്യുവാനോ പാടില്ല.
16. 60 ച.മീറ്ററിൽ കൂടുതൽ തറ വിസ്തൃതിയുള്ള വീടുകൾ നിർമ്മിക്കാൻ പാടില്ല.
17. ധനസഹായത്തോടെ ഒരു വീട് നിർമ്മിച്ചു കഴിഞ്ഞാൽ 12 വർഷത്തിന് മുൻപ് പുതിയ വീടിനോ 6 വർഷത്തിന് മുമ്പ് വീട് റിപ്പയർ/ പുനരുദ്ധാരണത്തിനോ ധനസഹായം നൽകാൻ പാടില്ല. 12/6 ന് ശേഷം മേൽപ്പറഞ്ഞ ധനസഹായം നൽകണമെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നും വാസയോഗ്യമായ വീടില്ല എന്നതിനു സർട്ടിഫിക്കറ്റ് നേടിയിരിക്കണം.
18. നിലവിലുള്ള വീട് പുനരുദ്ധാരണം നടത്തി വാസയോഗ്യമാക്കാൻ കഴിയുന്നപക്ഷം ഒരിക്കലും പുതിയ വീടിന് വേണ്ടി ധനസഹായം നൽകാൻ പാടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കി പുനരുദ്ധാരണത്തിനുള്ള ധനസഹായം മാത്രം നൽകേണ്ടതാണ്.
19. പട്ടികവർഗ കോളനികൾക്കകത്തുള്ള റോഡുകൾ ജില്ലാ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന പക്ഷം ആ റോഡുകൾക്ക് 6 മീറ്റർ വീതിയെങ്കിലും ഉണ്ടായിരിക്കണം.

**പട്ടികവർഗ ഉപപദ്ധതിയിലെ പരിചരണ സേവനങ്ങളുടെ പാക്കേജ് (മാർഗ്ഗരേഖയുടെ അനുബന്ധം - 13 കാണുക)**

പട്ടികവർഗ്ഗ ഉപദ്ധതി വിഹിതത്തിൽ നിന്നും കുറഞ്ഞത് 50% തുക പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ പട്ടികവർഗക്കാരുടെ പരിചരണ സേവനങ്ങളുടെ പാക്കേജിന് വകയിരുത്തണമെന്ന് നിഷ്ക്കർഷിക്കുന്നു. ഇതിന് അർഹരായ പട്ടികവർഗ അഗതി കുടുംബങ്ങളെ ആശ്രയ പ്രോജക്ടിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡപ്രകാരമാണ് (മാർഗ്ഗരേഖ അനുബന്ധം 14 - കാണുക) കണ്ടെത്തേണ്ടത്.



# 2 പട്ടികവർഗ വിഭാഗങ്ങൾ മൂപ്പൻ പദവിയുടെ പ്രാധാന്യം

പട്ടികവർഗ സമൂഹത്തിൽ സാമൂഹിക നിയന്ത്രണത്തിന് വേണ്ടി പാരമ്പര്യമായി അംഗീകരിച്ചുവന്നിട്ടുള്ള ഒരു ഉന്നത പദവിയാണ് മൂപ്പൻ. അവർ പ്രതിനിധീകരിക്കുന്ന സമുദായം വളരെയധികം ആദരിക്കുകയും തർക്കവിഷയങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ പ്രതിഷേധ സ്വരങ്ങളില്ലാതെ അംഗീകരിക്കപ്പെടുകയും ചെയ്യുന്നത് ഒരു അലിഖിത നിയമമാണ്. സമുദായത്തിന്റെ കെട്ടുറപ്പിനും അംഗങ്ങളുടെ അച്ചടക്കത്തിനും വേണ്ടിയുള്ള പാരമ്പര്യമൂല്യങ്ങൾ ഓരോ ഗോത്രവർഗങ്ങളിലും നിലനിർത്തിയിട്ടുണ്ട്. സിവിലും ക്രിമിനലുമായിട്ടുള്ള വിഷയങ്ങൾ നടപ്പിലാക്കിയിരുന്നു. തീരുമാനങ്ങൾ എടുക്കുവാൻ സമൂഹത്തിലെ പ്രായംചെന്നവരുടെ യോഗം സമുദായം സംഘടിപ്പിക്കാറുണ്ട്. എപ്പോഴും അദ്ധ്യക്ഷസ്ഥാനം വഹിച്ചു പോന്നിരുന്നത് മൂപ്പനാണ്. മൂപ്പനെ സഹായിക്കുവാൻ പ്രത്യേകം നിയോഗിക്കപ്പെട്ടിട്ടുള്ള സഹായികളും ഉണ്ട്. ഇതിനുപുറമേ മതപരവും, കൃഷിസംബന്ധവുമായ വിഷയങ്ങൾ കൈകാര്യം ചെയ്യുവാനും പ്രത്യേകിച്ചുള്ള ആളുകളെ നിയോഗിച്ചിട്ടുണ്ട്. ഗോത്രവർഗസമൂഹത്തിൽ എടുക്കുന്ന തീരുമാനങ്ങൾ എല്ലാവരേയും അറിയിക്കുവാനുള്ള സംവിധാനങ്ങളുമുണ്ട്. യോഗം കൂടുന്നതിനു മുമ്പ് അറിയിപ്പ് നൽകിയിരുന്നു. ഇങ്ങനെ ശരിക്കും ജനാധിപത്യത്തിന്റെ ഉന്നത മൂല്യങ്ങൾ ഉൾക്കൊണ്ടിട്ടുള്ള ഒരു സഭയുടെ നേതൃത്വമാണ് മൂപ്പനിൽ അർപ്പിതമായിരിക്കുന്നത്.

സ്വാതന്ത്ര്യത്തിന് ശേഷം പ്രായ പൂർത്തിയായ ഒരാൾക്ക് ഒരു വോട്ട് എന്ന സാമ്പ്രദായം പ്രാബല്യത്തിൽ വന്നതിന് ശേഷം ഗ്രാമതലങ്ങളിൽ പാരമ്പര്യമായി നീതി നടപ്പിലാക്കിയിരുന്ന നേതൃത്വനിരക്ക് പ്രാധാന്യം കുറഞ്ഞുവരികയാണുണ്ടായത്. ഭരണഘടനയുടെ 73,74 ഭേദഗതികളനുസരിച്ച് വീണ്ടും ഗ്രാമതലങ്ങളിലുള്ള നേതൃത്വത്തിന് വികസനപ്രക്രിയയിൽ മുഖ്യപങ്കാളിത്തം നൽകുവാനുള്ള വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. എന്നാൽ ഗോത്രവർഗ സമൂഹങ്ങളിൽ ഇങ്ങനെ നടപ്പിലാക്കിയിട്ടുള്ള ജനാധിപത്യ പ്രക്രിയയുടെ മാറ്റങ്ങൾ പ്രയോഗത്തിലാക്കുവാനുള്ള ഗൗരവമായ ആലോചനകൾ ഒന്നും നടന്നിരുന്നില്ല. ഇങ്ങനെയൊരു സാഹചര്യത്തിലാണ് ആസൂത്രണ പദ്ധതികൾക്ക് മികച്ച പങ്കാളിത്തം നൽകാൻ വേണ്ടി നിലവിലുള്ള സംവിധാനങ്ങൾക്കൊപ്പം ഊരുമൂപ്പൻമാരേയും ഉൾച്ചേർത്തുകൊണ്ടുള്ള ശാക്തീകരണ പ്രക്രിയയ്ക്ക് തുടക്കം കുറിച്ചിട്ടുള്ളത്. പട്ടികവർഗ വിഭാഗക്കാരുടെ സമഗ്രമായ വികസനത്തിന് വേണ്ടിയുള്ള ഈ മഹത്തായ സംരംഭത്തിന്നു ലഭ്യമായ എല്ലാ ശക്തിയും പകരണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**പട്ടികവർഗ വികസന സമീപനം**

ഭാരതത്തിലെ മുഖ്യധാരയിൽ നിന്നും ഒറ്റപ്പെട്ട് ജീവിതം നയിച്ചുപോന്ന ഗോത്രവർഗവിഭാഗക്കാരുടെ വികസനത്തിന് വേണ്ടിയുള്ള ചിന്താധാരകൾ സ്വാതന്ത്ര്യസമരസമയത്ത് തന്നെ ആരംഭിച്ചിട്ടുള്ളതാണ്. വടക്കുകിഴക്കൻ മേഖലയിലുള്ള ഗോത്രവർഗക്കാരുടെ വികസനത്തിനുവേണ്ടി അവരുടെ കൂടെനിന്ന് പ്രയത്നിച്ച ഒരാളാണ് പ്രശസ്ത നരവംശ ശാസ്ത്രജ്ഞനായിരുന്ന ഡോ. വെറിയർ എൽവിൻ. അക്കാദമിക്ക് രീതിയിൽ മൂന്ന് സമീപനങ്ങളാണ് വികസനത്തെക്കുറിച്ച് ഉയർന്ന് വന്നിട്ടുള്ളത്. ഇതിൽ ആദ്യത്തേത് ഗോത്രവർഗക്കാരെ സ്വതന്ത്രരായി വിടുകയാണ്. രണ്ടാമത്തേതിൽ പൂർണ്ണമായും മുഖ്യധാരയിൽ ലയിപ്പിക്കലാണ്. മൂന്നാമത്തെ സമീപനം കൊണ്ട് ഉദ്ദേശിച്ചത് മൗലികമായ സ്വത്വവും, സാസ്ക്കാരികത്തനിമയും നിലനിർത്തിക്കൊണ്ട് ഗോത്രവിഭാഗക്കാരെ ഉദ്ഗ്രഥിക്കലാണ്. ഇതിൽ മൂന്നാമത്തെ സമീപനമാണ് വെറിയർ എൽവിന്റെ പ്രസിദ്ധമായ ''നേഫായുടെ തത്വശാസ്ത്രം'' എന്ന പുസ്തകത്തിനുള്ള ആമുഖക്കുറിപ്പിൽ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു ട്രൈബൽ പഞ്ചശീലതത്ത്വങ്ങൾ എന്ന ആശയത്തിൽ പ്രചരിപ്പിച്ചിട്ടുള്ളത്. (1952)

- **ഗോത്രവർഗക്കാരെ ബാഹ്യപ്രേരണകളോ സ്വാധീനമോ കൂടാതെ അവരുടെ ജന്മസിദ്ധമായ പ്രതിഭയുടെ അടിസ്ഥാനത്തിൽ വികസിക്കുവാൻ അനുവദിക്കണം ഇതിനോടൊപ്പം ഗോത്രവർഗക്കാരുടെ പാരമ്പര്യകലയും സംസ്കാരവും പ്രോത്സാഹിപ്പിക്കണം.**
- **ഗോത്രവിഭാഗക്കാരുടെ ഭൂമിയിലും വനത്തിലുമുള്ള അവകാശങ്ങൾ ആദരിക്കണം.**
- **ഭരണത്തിനും വികസനത്തിനും വേണ്ടി ഗോത്രവിഭാഗക്കാരുടെ തന്നെ ഒരു കൂട്ടത്തെ പരിശീലനം നൽകി കെട്ടിപ്പെടുത്തുവാൻ ശ്രമിക്കണം സാങ്കേതിക കാര്യങ്ങൾക്ക് തുടക്കത്തിൽ പുറമേനിന്നുള്ളവരെ ആവശ്യമായി വരും. എന്നാൽ ഗോത്രവർഗ മേഖലകളിൽ വളരെ കൂടുതൽ ആളുകളെ അയക്കുവാൻ ശ്രമിക്കുന്നത് ഒഴിവാക്കപ്പെടണം.**
- **കൂടുതൽ ഭരണമേൽക്കോയ്മയും വിവിധ തരത്തിലുള്ള വികസന പദ്ധതികളും ഒരേസമയം തുടങ്ങി ഗോത്രവിഭാഗക്കാർക്ക് പ്രയാസങ്ങൾ ഉണ്ടാക്കാൻപാടില്ല. വികസന പ്രവർത്തനങ്ങൾ കഴിയുന്നതും ഗോത്രവിഭാഗക്കാരുടെ എതിർപ്പിന് വിധേയമാകാതെയും അവരുടെ തന്നെ സാമൂഹ്യ സംസ്കാരിക സ്ഥാപനങ്ങൾ വഴിയും നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.**
- **ഗോത്രവിഭാഗക്കാരുടെ വികസനത്തെ വിലയിരുത്തേണ്ടത് അവർക്ക് വേണ്ടി ചെലഴിച്ച തുകയുടെ കണക്കുകളുടെ അടിസ്ഥാനത്തിലല്ല, മറിച്ച് അവരുടെ മാനുഷികഭാവത്തിൽ എത്രമാത്രം ഗുണപരമായ മേന്മ കൈവരിക്കാൻ കഴിഞ്ഞു എന്നതിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം.**

മുകളിൽ സൂചിപ്പിച്ച പഞ്ചശീലതത്ത്വങ്ങൾക്ക് ഈ കാലഘട്ടത്തിലും വളരെയധികം പ്രസക്തിയുണ്ട്. അതിൻപടിയുള്ള കർമ്മപരിപാടികൾക്കാണ് പട്ടികവർഗ ഉപപദ്ധതിയുടെ മേന്മ വർദ്ധിപ്പിക്കുവാൻ വേണ്ടി തുടക്കം കുറിക്കേണ്ടത്.



# 3 ഊരുകൂട്ട യോഗങ്ങൾ സംഘടിപ്പിക്കൽ

**3.1 ഘട്ടം 1**

3.1.1 ഊരുകൂട്ട യോഗങ്ങൾ സംഘടിപ്പിക്കുന്നതിന് കുറഞ്ഞത് ഒരാഴ്ച്ചക്കെങ്കിലും മുൻപ് നോട്ടീസ് നൽകേണ്ടതാണ്. ട്രൈബൽ പ്രൊമോട്ടർമാരുടെ സഹായത്തോടെ എല്ലാ വീടുകളിലും ഊരുകൂട്ടത്തിന്റെ നോട്ടീസ് എത്തിക്കേണ്ടതാണ്.

3.1.2 ഊരുകൂട്ടയോഗങ്ങളുടെ അജണ്ട തയ്യാറാക്കുന്നതിനും, യോഗം സംഘടിപ്പിക്കുന്നതിനും ഊരുമൂപ്പൻ, ഊരിലെ രണ്ടു പ്രതിനിധികൾ, ട്രൈബൽ പ്രൊമോട്ടർമാർ, വർക്കിംഗ് ഗ്രൂപ്പിലെ ഒരു പട്ടികവർഗ പ്രതിനിധി, (അട്ടപ്പാടി മേഖലയിൽ ഊരുവികസന സമിതിയിലെ രണ്ടു പ്രതിനിധികൾ, തായ്കുല സംഘപ്രതിനിധി) പട്ടികവർഗ അയൽക്കൂട്ട പ്രതിനിധി, രജിസ്റ്റർ ചെയ്ത പട്ടികവർഗ സന്നദ്ധ സംഘടനകളുടെ രണ്ട് പ്രതിനിധികൾ എന്നിവരുടെ 9 മുതൽ 11 അംഗങ്ങൾ വരെയുള്ള ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഓരോ ഊരുകൂട്ടത്തിലും ഇത്തരത്തിലുള്ള ഒരു ഗ്രൂപ്പ് കൂട്ടായ ചർച്ചയിലൂടെ ഊരുകൂട്ടം കൂടുന്നതിനുള്ള ദിവസവും, ഊരിലെ വിവിധ വികസന പ്രവർത്തനങ്ങളുടെ മുൻ അനുഭവങ്ങളും വിലയിരുത്തണം. അതിൽ വന്ന പാളിച്ചകളും കൂടുതൽ പങ്കാളിത്തത്തോടെയും സുതാര്യതയോടെയും എങ്ങിനെ പട്ടികവർഗ ഉപപദ്ധതി നടപ്പിലാക്കാം എന്നതിനെക്കുറിച്ചും ആലോചിച്ച് അക്കാര്യം ഊരുകൂട്ട യോഗത്തിൽ അവതരിപ്പിക്കാൻ തയ്യാറാക്കണം.

3.1.3 ഇത്തരത്തിൽ രൂപീകരിക്കുന്ന ഗ്രൂപ്പ് അംഗങ്ങൾക്ക് പട്ടികവർഗ ഉപപദ്ധതിയുടെ പ്രാധാന്യം, പദ്ധതി ആസൂത്രണ മാർഗ നിർദ്ദേശങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക പരിശീലനം നൽകി ഊരുകൂട്ടങ്ങൾ സംഘടിപ്പിക്കുന്നതിന് മുന്നോടിയായി ഊരുനിവാസികളെ ബോധവൽക്കരണം നടത്തുന്നതിനായി സജ്ജമാക്കേണ്ടതാണ്.

3.1.4 മേൽപ്പറഞ്ഞ ഗ്രൂപ്പ് അംഗങ്ങൾ ഊരുകൂട്ട യോഗങ്ങൾ നടത്തുന്നതിനുള്ള സ്ഥലവും അനുയോജ്യമായ സമയവും നിശ്ചയിക്കേണ്ടതാണ്.

3.1.5 അജണ്ട തയ്യാറാക്കുന്നതിന് മുമ്പ് ലഭ്യമായ പദ്ധതിവിഹിതം, മേഖലാ വിഭജനം തുടങ്ങിയ വിവരങ്ങൾ ട്രൈബൽ പ്രൊമോട്ടർമാർ വർക്കിംഗ് ഗ്രൂപ്പ് കൺവീനറിൽ നിന്നും നിശ്ചിത ഫോറത്തിൽ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഊരുകൂട്ട യോഗതീയതി സംബ

ന്ധിച്ച വിവരങ്ങൾ ഗ്രൂപ്പ് കൺവീനർക്ക് ബന്ധപ്പെട്ട ട്രൈബൽ പ്രമോട്ടർമാർ നൽകേണ്ടതാണ്.

3.1.6 ഊരുകൂട്ടയോഗത്തിൽ പങ്കെടുപ്പിക്കേണ്ട ഊരിലെ പ്രായപൂർത്തിയായ മുഴുവൻ ആളുകളുടേയും ലിസ്റ്റ് തയ്യാറാക്കുന്നതിനും അവരെ ഊരുകൂട്ട യോഗത്തിൽ പങ്കെടുപ്പിക്കേണ്ടതിന്റെയും ചുമതല മേൽപ്പറഞ്ഞ ഗ്രൂപ്പിനായിരിക്കും.

**3.2 ഘട്ടം 2**

3.2.1 ഊരുകൂട്ട യോഗത്തിന്റെ കാര്യപരിപാടികൾ വ്യക്തമാക്കുന്ന നോട്ടീസ് തയ്യാറാക്കി പഞ്ചായത്തിന്റെ സഹായത്തോടെ അച്ചടിച്ച് വിതരണം ചെയ്യുന്ന ഉത്തരവാദിത്വം ട്രൈബൽ പ്രൊമോട്ടർ നിർവ്വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്തിന് ആവശ്യമായ എല്ലാവിധ സഹായങ്ങളും ട്രൈബൽ പ്രൊമോട്ടർമാർ നൽകേണ്ടതാണ്.

3.2.2 ഊരിലെ പ്രായപൂർത്തിയായ മുഴുവൻ ആളുകൾക്കും അവരുടെ വീടുകളിൽ ചെന്ന് ഊരുകൂട്ട യോഗത്തിന്റെ നോട്ടീസ് വിതരണം ചെയ്യുന്നതിനുള്ള ചുമതല മുകളിൽ സൂചിപ്പിച്ച ഗ്രൂപ്പിനായിരിക്കും. ഓരോ കുടുംബാംഗങ്ങളുടേയും പേരിൽ നൽകുന്ന നോട്ടീസ് കൈപ്പറ്റിയതിന് കുടുംബാംഗങ്ങളിലൊരാളുടെ ഒപ്പ്/ വിരലടയാളം വാങ്ങിച്ച് സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വവും മേൽപ്പറഞ്ഞ ഗ്രൂപ്പ് അംഗങ്ങൾക്കായിരിക്കും. ഊരുകൾക്ക് സമീപം അങ്ങിങ്ങായി ചിതറിക്കിടക്കുന്ന പട്ടികവർഗ കുടംബത്തിലെ പ്രായപൂർത്തിയായവരെയും ഊരുകൂട്ടയോഗത്തിന് ക്ഷണിക്കേണ്ടതാണ്. അതിന്റെ സംക്ഷിപ്ത റിപ്പോർട്ട് പ്രൊമോട്ടർമാർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

3.2.3 ഊരിലെ പൊതുവായ സ്ഥലങ്ങളിലും ഊരുനിവാസികൾ ഒത്തുചേരുന്ന സ്ഥലങ്ങളിലും ഊരുകൂട്ടയോഗ നോട്ടീസ് പതിച്ച് ആവശ്യമായ പ്രചരണം നടത്തണം.

3.2.4 ഊരുകൂട്ട യോഗങ്ങൾ സംഘടിപ്പിക്കുന്നതിന് പരിശീലനം ലഭിച്ച ഗ്രൂപ്പ് ഊരുകൂട്ട യോഗ നോട്ടീസ് ഊരിലെ ഓരോ കുടുംബത്തിനും നൽകുമ്പോൾ ആ കുടുംബത്തിലെ അംഗങ്ങളുമായി പട്ടികവർഗ ഉപപദ്ധതിയുടെ നടത്തിപ്പിനുള്ള മാർഗ നിർദ്ദേശങ്ങൾ അവരുടേതായ ഭാഷയിൽ തന്നെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. ഇതിലേക്കായി എല്ലാ ട്രൈബൽ പ്രൊമോട്ടർമാരും ആവശ്യമായ തയ്യാറെടുപ്പും സ്വയം പഠനവും മുൻകൂട്ടി നടത്തേണ്ടതാണ്. പുതിയ പട്ടികവർഗ ഉപപദ്ധതി മാർഗ നിർദ്ദേശങ്ങളുടെ പ്രസക്തിയും ഊരുകൂട്ടങ്ങൾക്ക് നൽകിയിട്ടുള്ള പ്രാധാന്യവും, പദ്ധതികളെയും ഗുണഭോക്താക്കളേയും സംബന്ധിച്ച് മുൻഗണനാക്രമം എന്നിവ ഊരുകൂട്ടങ്ങൾ നിർണ്ണയിക്കുന്നതാണെന്ന വസ്തുതയും അറിയിക്കേണ്ടതാണ്.

3.2.5 ഊരുകൂട്ട യോഗങ്ങൾ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന തിയ്യതിക്ക് മുൻപുള്ള ദിവസത്തിൽ ട്രൈബൽ പ്രൊമോട്ടർമാരുടെ നേതൃത്വത്തിൽ മേൽപ്പറഞ്ഞ ഗ്രൂപ്പുകൾ രണ്ടാമതും ഊരുനിവാസികളെ ഊരുകൂട്ടയോഗം സംബന്ധിച്ച് ഓർമ്മപ്പെടുത്തേണ്ടതാണ്.

3.2.6 ഊരുകൂട്ട യോഗങ്ങൾ നടത്തുന്നതിന് തടസ്സമുണ്ടാക്കുവാനോ മറ്റു പ്രശ്നങ്ങൾ ഉണ്ടാക്കുവാനോ സാദ്ധ്യതയുള്ള സാഹചര്യങ്ങൾ, ആളുകൾ എന്നിവരെ കുറിച്ച് മേൽപ്പറഞ്ഞ ഗ്രൂപ്പ് വിലയിരുത്തുകയും പരിഹാര മാർഗങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

3.2.7 ഊരുകൂട്ട സംഘാടനത്തിനായി ചുമതലപ്പെട്ട ഗ്രൂപ്പ് അതാത് ഊരുകളുടെ സമൂഹ്യ-സാംസ്കാരിക-സാമ്പത്തിക-പാശ്ചാത്തലത്തെക്കുറിച്ച് പട്ടികവർഗ സമുദായങ്ങളുടെ അടിസ്ഥാനവിവരശേഖരണം -2008 ലെ റിപ്പോർട്ടിൽ നിന്നും വേർതിരിച്ചെടുത്ത് ഊര് അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതാണ്. ഊരുകളിൽ താമസമുള്ളവരുടേയും, വാർഡിൽ ചിന്നിചിതറി താമസിക്കുന്നവരുടേയും വിവരങ്ങൾ ക്രോഡീകരിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തി ഊരുകൂട്ടത്തിൽ അവതരിപ്പിക്കാൻ തയ്യാറാക്കേണ്ടതാണ്.

3.3 **ഘട്ടം 3**

3.3.1 തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ അനുബന്ധം 7ൽ നൽകിയിട്ടുള്ള കാര്യപരിപാടിക്ക് സമാനമായ രീതിയിൽ ഊരുകൂട്ടങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

3.3.2 ഊരുകൂട്ട യോഗ നോട്ടീസിലെ കാര്യപരിപാടി അനുസരിച്ച് ഊരുകൂട്ട യോഗങ്ങൾ കൃത്യസമയത്ത് ഊരുമൂപ്പന്റെ അദ്ധ്യക്ഷതയിൽ നടത്തേണ്ടതാണ്. ഊരിലെ ആകെ വോട്ടർമാരിൽ അമ്പത് ശതമാനത്തിലധികം ഊരുകൂട്ട യോഗത്തിൽ പങ്കെടുത്തിരിക്കണം.

3.3.3 ഊരുകൂട്ട യോഗത്തിന്റെ ഹാജരും, മിനിട്സും ബന്ധപ്പെട്ട ഊരിലെ ട്രൈബൽ പ്രൊമോട്ടർ തയ്യാറാക്കേണ്ടതും അതിന് ഊരുവികസന സമിതിയിലെ പ്രതിനിധികൾ അദ്ദേഹത്തെ സഹായിക്കേണ്ടതുമാണ്.

3.3.4 ഊരുകൂട്ട യോഗത്തിൽ നടക്കുന്ന ഗ്രൂപ്പുതല ചർച്ചകളുടെ റിപ്പോർട്ടുകൾ ക്രോഡീകരിക്കേണ്ടത് ഊരുകൂട്ട നടത്തിപ്പിനായി ചുമതലപ്പെട്ട ഗ്രൂപ്പ് അംഗങ്ങളാണ്.

3.3.5 താഴെ പറയുന്ന കാര്യപരിപാടികൾ ഉൾക്കൊള്ളിച്ചായിരിക്കണം ഊരുകൂട്ട യോഗങ്ങൾ സംഘടിപ്പിക്കേണ്ടത്

| | |
|---|---|
| 1 സ്വാഗതം | ട്രൈബൽ പ്രൊമോട്ടർ /വളണ്ടിയർ (5 മിനിട്ട്) |
| 2 അദ്ധ്യക്ഷൻ | ഊരുമൂപ്പൻ (10 മിനിട്ട്) |
| 3 ഊരുകൂട്ട യോഗത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പട്ടികവർഗ ഉപപദ്ധതി രൂപീകരണത്തിലെ പങ്കും | പ്രസിഡന്റ് / വാർഡ് മെമ്പർ (15 മിനിട്ട്) |
| 4 പട്ടികവർഗ ഉപപദ്ധതി മാർഗ നിർദ്ദേശങ്ങളെക്കുറിച്ചും, പട്ടികവർഗ സമുദായങ്ങളുടെ അടിസ്ഥാന വിവര ശേഖരണം 2008 ലെ അവസ്ഥാ പഠനവും (ആദിവാസി ഭാഷയിൽ) | ട്രൈബൽ പ്രൊമോട്ടർമാർ/ വളണ്ടിയർ/ റിസോഴ്സ് പേഴ്സൺ (60 മിനിട്ട്) |

3.3.6 ട്രൈബൽ പ്രൊമോട്ടർമാരുടെ അവതരണത്തിൽ (പ്ലീനറി സെഷൻ) താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തണം

1 പട്ടികവർഗ ഉപപദ്ധതി മാർഗനിർദ്ദേശങ്ങളിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങളിൽ ഊരുകളിലെ ആദിവാസികളുടെ അവസ്ഥയെക്കുറിച്ചുള്ള വിലയിരുത്തലും വിശദീകരണവും

2 പട്ടികവർഗ ഉപപദ്ധതി തയ്യാറാക്കുന്നതിനുള്ള സമീപനം

3 പദ്ധതി വിഹിതത്തിന്റെ മേഖലാവിഭജനം

4 ആസൂത്രണ പ്രക്രിയ

3.3.7 ഗ്രൂപ്പ് രൂപീകരണം 10 പേരിൽ കുറയാത്ത ആളുകൾ ( 60 മിനിട്ട്)

പ്ലീനറി അവതരണത്തിനു ശേഷം ഊരുകൂട്ട യോഗത്തിൽ പങ്കെടുക്കുന്നവരെ ഗ്രൂപ്പുകളായി തിരിക്കണം ഓരോരുത്തരുടേയും താൽപര്യത്തിന്റേയും വൈദഗ്ധ്യത്തിന്റേയും അടിസ്ഥാനത്തിലായിരിക്കണം ഓരോ വിഷയഗ്രൂപ്പിലും ഉൾപ്പെടുത്തേണ്ടത് താഴെ പറയുന്ന വിഷയഗ്രൂപ്പുകൾ രൂപീകരിക്കാവുന്നതാണ്.

1 കൃഷിയും അനുബന്ധമേഖലകളും

2 ആരോഗ്യം - ശുചിത്വം

3 വിദ്യാഭ്യാസം

4 സാമൂഹ്യ സുരക്ഷിതത്വത്തിനാവശ്യമായ അടിസ്ഥാന ആവശ്യങ്ങൾ

5 അടിസ്ഥാന സൗകര്യങ്ങൾ

6 സ്വയം സഹായ സംഘങ്ങളും സൂക്ഷ്മതല സംരംഭങ്ങളും

ഗ്രൂപ്പ് ചർച്ചയിൽ ഓരോ വിഷയ മേഖലയുടേയും ഇന്നത്തെ അവസ്ഥ, നേരിടുന്ന പ്രശ്നങ്ങൾ, പ്രശ്നപരിഹാര നിർദ്ദേശങ്ങൾ, ഭാവിവികസന കാഴ്ച്ചപ്പാട്, പദ്ധതി നിർദ്ദേശങ്ങൾ മുൻഗണനാ ക്രമത്തിൽ എന്നീ കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതും വ്യത്യസ്ത അഭിപ്രായങ്ങൾ ചർച്ചയിലൂടെയും മുൻഗണനാ മാനദണ്ഡങ്ങളുടേയും താരതമ്യത്തിന്റേയും അടിസ്ഥാനത്തിൽ അഭിപ്രായസമന്വയത്തിൽ എത്തേണ്ടതുമാണ്. യാതൊരു കാരണവശാലും ചേരിതിരിവ് ഉണ്ടാകാതെ ശ്രദ്ധിക്കണം. അഭിപ്രായ സമന്വയത്തിലെത്തിയ മുൻഗണനാ നിർദ്ദേശങ്ങൾ ക്രമത്തിൽ രേഖപ്പെടുത്തി പ്ലീനറി സെഷനിൽ അവതരിപ്പിക്കണം.

3.3.8 ഗ്രൂപ്പ് ചർച്ച

1. ട്രൈബൽ പ്രൊമോട്ടർമാർ/ വളണ്ടിയർമാർ ഓരോ ഗ്രൂപ്പുകളിലും ഫെസിലിറ്റേറ്റർമാരായി പ്രവർത്തിക്കേണ്ടതാണ്.

2. ഗ്രൂപ്പുതല റിപ്പോർട്ടുകളുടെ അവതരണം ട്രൈബൽ പ്രൊമോട്ടർമാർ/ വളണ്ടിയർമാർ നിർവ്വഹിക്കേണ്ടതാണ്. (30 മിനിട്ട്)

### 3.3.9 പ്ലീനറി സെഷൻ (60 മിനിട്ട്)

1. ഗ്രൂപ്പുചർച്ചകളുടെ റിപ്പോർട്ട് അവതരണം
2. പ്രോജക്ടുകളുടെ മുൻഗണനാക്രമം നിശ്ചയിക്കലും അവ ഉറക്കെ വായിച്ച് അംഗീകരിച്ച് രേഖപ്പെടുത്തലും
3. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പട്ടികവർഗ ഉപപദ്ധതി തയ്യാറാക്കുന്നതിലേക്ക് രണ്ടു ഊരുകൂട്ട പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടതാണ്. (ഒരു സ്ത്രീയും പുരുഷനും). കൂടാതെ ഊരുമൂപ്പനേയും ഈ സമിതിയിലേക്ക് ക്ഷണിക്കേണ്ടതാണ്.

### 3.3.10 ക്രോഡീകരണം

പട്ടികവർഗ സമുദായങ്ങളുടെ അടിസ്ഥാനവിവരശേഖരണം -2008 റിപ്പോർട്ട് നവീകരിച്ചു പുതുതായി ഉയർന്ന് വന്ന ഊരുകൂട്ട നിർദ്ദേശങ്ങൾ കൂടി അടങ്ങിയ ക്രോഡീകരണ റിപ്പോർട്ട് അവതരിപ്പിക്കൽ

BLANK

അനുബന്ധം 1

## പട്ടികവർഗ പ്രൊമോട്ടർമാരുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗരേഖ

പട്ടികജാതി പട്ടികവർഗ വികസന (സി) വകുപ്പ്

സ.ഉ (സാധാ) 136/2012/പജപവവിവ തിയ്യതി, തിരുവനന്തപുരം, 30.01.2010

പരാമർശം :- 1. 12.11.2002 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 740/02/പജപവവിവ

2. പട്ടികവർഗ വികസന ഡയറക്ടറുടെ 4.12.2009 ലെ ബി 113603/08 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് ജോലി ചെയ്തുവരുന്ന പട്ടികജാതി/ പട്ടികവർഗ പ്രൊമോട്ടർമാരുടെ ചുമതലകൾ നിജപ്പെടുത്തിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ത്രിതല പഞ്ചായത്തുകൾ മുഖേന പട്ടികവർഗ വികസന പദ്ധതികൾ നടപ്പിലാക്കിത്തുടങ്ങുകയും പട്ടികവർഗ വികസന വകുപ്പിൽ തന്നെ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ പരാമർശം രണ്ടിലെ പട്ടികവർഗ വികസന ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് പട്ടികവർഗ പ്രൊമോട്ടർമാരുടെ പ്രവർത്തനം സംബന്ധിച്ച അവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും അടങ്ങുന്ന മാർഗരേഖ താഴെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഓരോ പ്രൊമോട്ടറും തങ്ങളുടെ പ്രവർത്തനമേഖലയിലുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് ഒരു പതിവേടിലാക്കി സൂക്ഷിക്കേണ്ടതും ഈ പതിവേടിലെ വിവരങ്ങൾ ക്രോഡീകരിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്. വിവരശേഖരണത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ഉണ്ടായിരിക്കും.

എ) പട്ടികവർഗ സങ്കേതങ്ങളുടെ അടിസ്ഥാന വിവരങ്ങൾ

1. കുടുംബങ്ങളുടെ എണ്ണം
2. ഭൂമിയുടെ ബാഹ്യ വിസ്തൃതി
3. പൊതുവായ തൊഴിൽ
4. ഗതാഗത സൗകര്യം
5. വൈദ്യുതി
6. കുടിവെള്ളം
7. സാനിറ്റേഷൻ സൗകര്യം
8. വിദ്യാഭ്യാസ സ്ഥാപനങ്ങൾ
9. ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ
10. പൊതുവിതരണ കേന്ദ്രം
11. വാർത്താവിനിമയ സൗകര്യങ്ങൾ
12. ജലസേചന സൗകര്യങ്ങൾ

ബി) കുടുംബ സംബന്ധമായ വിവരങ്ങൾ

1. കുടുംബനാഥന്റെ പേര്

2. കുടുംബാംഗങ്ങളുടെ പേരുവിവരവും പ്രായവും (ആൺ പെൺ തിരിച്ച്)
3. വീട് നമ്പർ – സർക്കാർ സഹായത്താൽ നിർമ്മിച്ച വീടാണോ? നിർമ്മിച്ച വർഷം
4. ജാതി / മതം
5. തൊഴിൽ
6. ഓരോ അംഗങ്ങളുടെയും വിദ്യാഭ്യാസ യോഗ്യത
7. കുടുംബത്തിൽ മാനസിക ശാരീരിക വൈകല്യങ്ങൾ ഉള്ള അംഗങ്ങൾ ഉണ്ടെങ്കിൽ അവരുടെ വിവരങ്ങൾ
8. കുടുംബത്തിൽ അസുഖം ബാധിച്ചവരുടെ വിവരങ്ങൾ – ക്ഷയം, സിക്കിൾസെൽ, അനീമിയ തുടങ്ങിയവ
9. കൈവശഭൂമിയുടെ വിസ്തൃതി
10. നിലവിലുള്ള കൃഷികൾ
11. വിളകളുടെ വിപണനരീതി
12. വാർഷിക വരുമാനം
13. നിലവിലുള്ള വീടിന്റെ അവസ്ഥ
14. നിലവിലുള്ള കുടുംബ ബാദ്ധ്യതകൾ – ബാങ്ക്/ വ്യക്തികൾ/ മറ്റു ധനകാര്യസ്ഥാപനങ്ങൾ
15. വൈദ്യുതീകരിച്ചതാണോ?
16. കുടിവെള്ള സ്രോതസ്സ്
17. സാനിട്ടേഷൻ സൗകര്യം
18. ഭൂമിക്ക് പട്ടയം ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ
19. ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ
20. നിലവിൽ കുടുംബം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ
21. 1997 നു ശേഷം സർക്കാരിൽ നിന്നു/ മറ്റു ഇതര ഏജൻസികൾ മുഖേനയും ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങളുടെ വിവരങ്ങൾ
22. വിദേശത്തും മറ്റു സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ
23. അഭ്യസ്ത വിദ്യരുടെയും തൊഴിൽ പരിശീലനം ലഭിച്ചവരുടെയും വിവരങ്ങൾ
24. തൊഴിൽ രഹിതരുടെ വിവരങ്ങൾ
25. പ്രാഥമിക വിദ്യാഭ്യാസം മുടങ്ങിപ്പോയവരുടെ വിവരങ്ങൾ (എസ്.എസ്.എൽ.സി. ക്ക് താഴെ)
26. 15 വയസ്സിൽ താഴെയുള്ള കുട്ടികളിൽ സ്കൂളിൽ നിന്നും കൊഴിഞ്ഞുപോയിട്ടുള്ളവരുടെ എണ്ണം
27. സർക്കാരിന്റെ വിവിധ ക്ഷേമ പെൻഷൻ ലഭിക്കുന്നവരുടെ വിവരങ്ങൾ
28. റേഷൻകാർഡ് നമ്പറും, റേഷൻകടയുടെ നമ്പറും, എ.പി.എൽ സംബന്ധിച്ച വിവരങ്ങൾ
29. അഗതി, ആശ്രയ ആനുകൂല്യങ്ങൾക്ക് പരിഗണിച്ചിട്ടുള്ള കുടുംബം ആണോ?
30. അവിവാഹിത അമ്മമാർ ഉണ്ടെങ്കിൽ അവരെ സംബന്ധിച്ച വിവരങ്ങൾ

മേൽപ്പറഞ്ഞ (എ.ബി) വിവരങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഒരു ദിവസത്തിനകം ട്രൈബൽ എക്സ്റ്റൻഷൻ ആഫീസറുടെ ശ്രദ്ധയിൽ പെടുത്തേണ്ടതും, റജിസ്റ്ററിൽ മാറ്റങ്ങൾ വരുത്തേണ്ടതും ആണ്.

1. കോളനികൾ, സങ്കേതങ്ങൾ, ഊരുകൾ എന്നിവ സന്ദർശിച്ച് പട്ടികവർഗ ജനവിഭാഗങ്ങളുടെ കൂട്ടായ്മകൾ രൂപീകരിക്കുകയും പട്ടികവർഗ വികസന വകുപ്പ്, ത്രിതല പഞ്ചായത്തുകൾ, ഇതര ഏജൻസികൾ എന്നിവ പട്ടിക വർഗക്കാർക്ക് വേണ്ടി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വ്യക്തമായ അവബോധം അവരിൽ സൃഷ്ടിക്കുകയും ചെയ്യുക.
2. വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്ക് അർഹമായ മുഴുവൻ പട്ടികവർഗക്കാർക്കും അവ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുകയും ലഭ്യമാകാത്തവർക്ക് ആയത് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുക.
3. പട്ടികവർഗക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അവർക്ക് പൂർണ്ണമായും ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും, ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ശരിയായി വിനിയോഗിക്കാൻ അവരെ പ്രേരിപ്പിക്കുകയും, ദുർവിനിയോഗം കണ്ടെത്തുന്ന പക്ഷം അക്കാര്യം മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി തടയുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
4. വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ തയ്യാറാക്കുന്നതിനും, അവ യഥാസമയം സമർപ്പിക്കുന്നതിനും ആവശ്യമായ സഹായം പട്ടികവർഗക്കാർക്ക് ചെയ്ത് കൊടുക്കുക.
5. ജാതി സർട്ടിഫിക്കറ്റ്/ വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയവ പട്ടികവർഗക്കാർക്ക് യഥാസമയം ലഭിക്കുന്നതിനായി വേണ്ട സഹായം ചെയ്തു കൊടുക്കുക.
6. റേഷൻകാർഡില്ലാത്ത പട്ടികവർഗ കുടുംബങ്ങൾക്ക് ബി.പി.എൽ റേഷൻകാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
7. പഞ്ചായത്ത് അധികൃതരുടെയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ/ സൈറ്റ് മാനേജറുടെ നിർദ്ദേശാനുസരണം അവരുമായി ആലോചിച്ച് ഊരുകൂട്ടങ്ങൾ വിളിച്ചുകൂട്ടുക. മുഴുവൻ പട്ടികവർഗക്കാരെയും ഊരുകൂട്ടത്തിൽ പങ്കെടുക്കുവാൻ പ്രേരിപ്പിക്കുക, കാലിക പ്രാധാന്യമുള്ള വിഷയങ്ങളും വികസന പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിന് പട്ടികവർഗക്കാരെ സജ്ജരാക്കുക, പട്ടികവർഗക്കാരുടെ ക്ഷേമ വികസന ആവശ്യങ്ങൾ ഊരുകൂട്ടങ്ങളിൽ ചർച്ച ചെയ്തു എന്ന് ഉറപ്പുവരുത്തുക.
8. ഊരുകൂട്ടത്തിന്റെ നോട്ടീസ്, ഒരോ പട്ടിക വർഗ ഭവനങ്ങളിലും യഥാസമയം എത്തിച്ച് കൊടുക്കുകയും, അവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യുക.
9. ഊരുകൂട്ടയോഗത്തിന്റെ നടപടി കുറിപ്പുകൾ തൽസമയം തന്നെ തയ്യാറാക്കുകയും, ജന പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി വാങ്ങുകയും ചെയ്യുക.
10. ഊരുകൂട്ടയോഗങ്ങളിൽ വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ അർഹതക്കുള്ള മാനദണ്ഡം കൃത്യമായി പാലിക്കുന്നു എന്നും, ഏറ്റവും അർഹതയുള്ളവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക, മാനദണ്ഡങ്ങൾ വ്യതിചലിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പക്ഷം പ്രസ്തുത വിവരം ബന്ധപ്പെട്ട അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ പ്രൊമോട്ടർമാർ ബാധ്യസ്ഥരാണ്.

11. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പട്ടികവർഗ ഉപപദ്ധതി പ്രകാരം തയ്യാറാക്കുന്ന പദ്ധതികൾക്ക് ആവശ്യമായ സ്ഥിതിവിവരകണക്കുകൾ ശേഖരിച്ചു നൽകുക, പ്രോജക്ട് തയ്യാറാക്കാൻ സഹായിക്കുക, മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് പദ്ധതി തയ്യാറാക്കുന്നത് എന്ന് ഉറപ്പ് വരുത്തുക എന്നീകാര്യങ്ങൾ പ്രൊമോട്ടർമാരുടെ ചുമതലയായിരിക്കും.
12. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ത്രിതലപഞ്ചായത്തുകൾ എന്നിവരെ പട്ടികവർഗക്കാരുമായി സംവേദിപ്പിക്കാനുള്ള കണ്ണിയായി പ്രവർത്തിക്കുക.
13. ത്രിതലപഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ആവശ്യമായ സഹായവും, സേവനവും ലഭ്യമാക്കുക.
14. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ സജീവമായി പങ്കെടുത്ത് പ്രായോഗികമായി നിർദ്ദേശങ്ങൾ നൽകുക. പ്രയോജനകരമല്ലാത്തതും ദോഷകരവും ആയ പദ്ധതികൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുക. പദ്ധതികൾക്കാവശ്യമായ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് എന്നിവ തയ്യാറാക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരെ സഹായിക്കുക.
15. പട്ടികവർഗ വികസന വകുപ്പിന്റെ പദ്ധതി രൂപീകരണത്തിലും നടപ്പാക്കലിലും വകുപ്പ് ഉദ്യോഗസ്ഥന്മാരെ സഹായിക്കുക
16. പട്ടികവർഗ വികസന വകുപ്പും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും നടത്തുന്ന പദ്ധതികളുടെ നടത്തിപ്പിൽ ഗുണപരമായ ശ്രദ്ധ പതിപ്പിക്കുകയും അവയുടെ പുരോഗതി ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്യുക. ഭവന നിർമ്മാണ പദ്ധതിയുടെ പുരോഗതി വിലയിരുത്തി വീഴ്ചകൾ ഉണ്ടെങ്കിൽ മേലുദ്യോഗസ്ഥരെ യഥാസമയം വിവരം ധരിപ്പിക്കുകയും ചെയ്യുക.
17. പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, ടി.ആർ.ഡി.എം. സൈറ്റ് മാനേജർമാർ എന്നിവർ കാലാകാലങ്ങളിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ ശേഖരിച്ചു നൽകുക.
18. സ്കൂൾ പ്രായത്തിലുള്ള മുഴുവൻ കുട്ടികളും സ്കൂളിൽ പോകുന്നു എന്ന് ഉറപ്പ് വരുത്തുക. സ്കൂളിൽ പോകാത്ത കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
19. സ്കൂളിൽ നിന്നും ഒരു കുട്ടിപോലും കൊഴിഞ്ഞുപോകുന്നില്ലെന്ന് ഉറപ്പ് വരുത്തുക. കൊഴിഞ്ഞുപോക്ക് യഥാസമയം കണ്ടെത്തി പുന:പ്രവേശനത്തിന് നടപടി സ്വീകരിക്കുക.
20. നിയമാനുസൃത പ്രീമെട്രിക് ആനുകൂല്യങ്ങൾ യഥാസമയം പട്ടികവർഗ വിദ്യർത്ഥികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പാക്കുക.
21. എം.ആർ.എസ്., സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിലേക്ക് പ്രവേശനം ലഭിക്കുന്നതിന് അർഹരായവരെ കണ്ടെത്തി യഥാസമയം അപേക്ഷ നൽകുന്നതിന് സഹായിക്കുക.
22. എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി (പ്ലസ് ടു), ബിരുദം, ബിരുദാനന്തരബിരുദം, മറ്റ് സാങ്കേതിക ബിരുദങ്ങളിൽ ഉയർന്ന മാർക്കോടെ വിജയിക്കുന്ന പട്ടികവർഗക്കാർക്ക് പ്രോത്സാഹനം, ധനസഹായം ലഭ്യമാക്കുന്നതിന് സഹായിക്കുക.

23. പ്രീ-മെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ പ്രവേശനം നേടുന്നതിന് ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും പട്ടികവർഗ വിദ്യാർത്ഥികൾക്ക് നൽകുക.
24. വകുപ്പിലെ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവച്ച് അവയുടെ പ്രയോജനം പട്ടികവർഗക്കാർക്ക് ലഭ്യമാക്കുക.
25. ഏകാധ്യാപക സ്കൂളുകൾ, വികാസ്-വാടികൾ, ബാലവിജ്ഞാനകേന്ദ്രങ്ങൾ, ഭിന്നതല പഠനകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നതിന് വേണ്ട സഹായം ചെയ്യുക.
26. ഐ.ടി.ഐ, പോളിടെക്നിക്, നേഴ്സിംഗ്, ഫാർമസി, മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രികൾച്ചർ, വെറ്ററിനറി, മാനേജ്മെന്റ് തുടങ്ങിയ സാങ്കേതിക കോഴ്സുകളിൽ പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനുള്ള സഹായം ചെയ്യുക.
27. വിവിധ തൊഴിൽ പരിശീലനങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുക, പ്രാദേശികമായി സാധ്യതയുള്ള തൊഴിൽ മേഖലകളിൽ പരിശീലന പദ്ധതികൾ ഏറ്റെടുക്കുന്നതിന് വകുപ്പ്/ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ സഹായിക്കുക.
28. സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ് സൗകര്യം ലഭ്യമാക്കുന്നതിനും, സ്വയം തൊഴിൽ ഏർപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും പട്ടികവർഗക്കാരെ സഹായിക്കുക.
29. പി.എസ്.സി, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ നോട്ടിഫൈ ചെയ്യുന്ന തസ്തികകളിലേക്ക് അപേക്ഷ സമർപ്പിക്കാൻ അർഹതയുള്ള മുഴുവൻ പട്ടികവർഗക്കാർക്കും ആവശ്യമായ സഹായം ചെയ്യുകയും, അവർ നൽകിയെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.
30. പട്ടികവർഗക്കാർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നടത്തുന്നതിന് ആവശ്യമായ സഹായം ചെയ്യുക.
31. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും തൊഴിൽ ലഭിച്ചു എന്നും തൊഴിൽ കാർഡ് എടുത്തു എന്നും പദ്ധതിയുടെ ആനുകൂല്യം പൂർണമായും പദ്ധതിയിൽ അംഗങ്ങൾ ആയിട്ടുള്ളവർക്ക് ലഭ്യമായി എന്നും ഉറപ്പ് വരുത്തുക.
32. പട്ടികവർഗക്കാരിലെ മിശ്രവിവാഹിതർക്കും വിധവകളുടെ/ പാവപ്പെട്ട കുടുംബങ്ങളിലെ പെൺ മക്കൾക്ക് വിവാഹ ധനസഹായം ലഭ്യമാക്കുന്നതിനായി അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ട്രൈബൽ എക്സ്റ്റൻഷൻ ആഫീസിൽ/ പ്രോജക്ട് ഓഫീസിൽ/ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുക.
33. സർക്കാർ ആശുപത്രികളിൽ നിലവിൽ പട്ടികവർഗക്കാരായ രോഗികൾക്ക് ലഭിക്കുന്ന എല്ലാ വിധ സൗജന്യ ചികിത്സകളും സംബന്ധിച്ച അവബോധം നൽകുക. സമഗ്ര ആരോഗ്യ പദ്ധതി പ്രകാരം ഫണ്ട് അനുവദിച്ചിട്ടുള്ള വിവിധ ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ നൽകുക. അവിടങ്ങളിൽ ചികിത്സ തേടി എത്തുന്നവർക്ക് ആശുപത്രിയിൽ വേണ്ട സഹായം ചെയ്ത് കൊടുക്കുക.

34. രോഗബാധിതർക്ക് പട്ടികവർഗ വികസന വകുപ്പിൽ നിന്നും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന ചികിത്സാധനസഹായം സംബന്ധിച്ച വിവരങ്ങൾ നൽകുകയും അവ ലഭ്യമാക്കുവാൻ വേണ്ട സഹായം നൽകുകയും ചെയ്യുക.
35. ഓരോ പട്ടികവർഗ സങ്കേതത്തിലും മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും മെഡിക്കൽ പരിശോധന ഉറപ്പ് വരുത്തുക
36. സംയോജിത ശിശുവികസന പദ്ധതിയുടെ (ഐ.സി.ഡി.എസ്) പ്രയോജനം കുഞ്ഞുങ്ങൾക്കും അമ്മമാർക്കും ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തണം.
37. വനാവകാശ സമിതി ആവശ്യാനുസരണം യോഗം ചേരുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും, യോഗങ്ങളിൽ പങ്കെടുക്കുകയും വനാവകാശത്തെക്കുറിച്ച് പട്ടികവർഗക്കാർക്ക് വേണ്ടത്ര ബോധവത്ക്കരണം നൽകുകയും ചെയ്യുക.
38. വനാവകാശ നിയമപ്രകാരം വ്യക്തിഗത അവകാശങ്ങളും പൊതു അവകാശങ്ങളും അനുവദിച്ച് കിട്ടുന്നതിന് വനാവകാശ സമിതിക്ക് മുന്നിൽ ആവശ്യമായ അപേക്ഷകൾ സമർപ്പിക്കുന്നതിന് പട്ടികവർഗക്കാരെ സഹായിക്കുക.
39. വനവിഭവ ശേഖരണം നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും തടസ്സം കൂടാതെ വനവിഭവ ശേഖരണം നടത്തുന്നതിനും അവയ്ക്കുള്ള ശരിയായ വില പട്ടികവർഗക്കാർക്ക് ലഭിക്കുന്നുവോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
40. വനവികസന സമിതികൾ, പട്ടികവർഗ സഹകരണ സംഘങ്ങൾ എന്നിവയിൽ പട്ടികവർഗക്കാരെ പരമാവധി അംഗങ്ങളാക്കുകയും ഇവ മുഖേനയുള്ള ഗുണഫലങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനും വേണ്ട സഹായങ്ങൾ ചെയ്യുക.
41. കുടുംബശ്രീ നടപ്പാക്കിയിട്ടുള്ള പഞ്ചായത്തുകളിൽ എല്ലാ പട്ടികവർഗ കുടുംബങ്ങളെയും കുടുംബശ്രീയിൽ അംഗങ്ങളാക്കുക, കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായ സഹകരണങ്ങൾ നൽകുക.
42. പട്ടികവർഗക്കാരുടെ ആവാസ കേന്ദ്രങ്ങളിൽ പ്രകൃതി ക്ഷോഭമോ, വന്യമൃഗങ്ങളുടെ ആക്രമണമോ ഉണ്ടാകുമ്പോൾ ആവശ്യമായ സഹായം ചെയ്ത് കൊടുക്കണം. തത്സമയം തന്നെ വിവരം അധികാര കേന്ദ്രങ്ങളിൽ അറിയിക്കേണ്ടതാണ്.
43. പട്ടികവർഗക്കാർ അതിക്രമങ്ങൾക്ക് വിധേയരാകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം പരാതി നൽകുന്നതിനും അപ്പോൾ തന്നെ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസറെ വിവരം അറിയിക്കേണ്ടതും അർഹമായ സഹായം അവർക്ക് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുക.
44. പട്ടികവർഗക്കാരുടെ ഭൂമിയോ, ദേഹണ്ഡങ്ങളോ താൽക്കാലികമായോ,സ്ഥിരമായോ അന്യാധീനപ്പെടുത്തുന്നതായി ശ്രദ്ധയിൽപെട്ടാൽ ആയത് ഉടൻ തന്നെ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും നിയമ നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
45. ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിനെതിരെ പട്ടികവർഗക്കാരെ ബോധവൽക്കരിക്കുക.

46. ഇതര സമുദായക്കാരിൽ നിന്നുള്ള ചൂഷണം, അതിക്രമങ്ങൾ, ലഹരി പദാർത്ഥങ്ങൾ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ പട്ടികവർഗക്കാരെ ബോധവൽക്കരിക്കുകയും, അവയെ പ്രതിരോധിക്കുന്നതിന് യോജിച്ച് സംഘടിതമായ രീതിയിൽ പ്രവർത്തിക്കുന്നതിന് അവരെ ഒരുക്കുകയും ചെയ്യുക.
47. പട്ടികവർഗക്കാരുടെ കൈവശഭൂമിയോ വിളകളോ അന്യാധീനപ്പെടുന്ന സ്ഥിതി വിശേഷം തടയുക. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ യഥാസമയം മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുക.
48. സർക്കാർ ധനസഹായം അർഹരായ ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുക.
49. സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ/ വ്യക്തികൾ മുഖേനയുള്ള ഏതെങ്കിലും തരത്തിലുള്ള ചൂഷണം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ മേലധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും, ചൂഷണത്തിന് മുക്തിവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.
50. പരമ്പരാഗത കലകൾ, ചികിത്സാ രീതികൾ, നാട്ടറിവ്, മുതലായവ പ്രോത്സാഹിപ്പിക്കുകയും ഇവയിൽ പ്രാവീണ്യം നേടിയിട്ടുള്ളവരുടെ വിവരങ്ങൾ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുക.
51. ബൗദ്ധിക സ്വത്തവകാശ നിയമമനുസരിച്ചുള്ള പ്രവർത്തനം നടത്തുക.
52. സാഹിത്യവാസനയുള്ള പട്ടികവർഗക്കാർക്ക് വേണ്ട പ്രോത്സാഹനം നൽകുന്നതിനായി അവരുടെ രചനകൾ വകുപ്പിന്റെ പ്രസിദ്ധീകരണങ്ങളിൽ ഉൾപ്പെടുത്തുന്നതിനു വേണ്ട സഹായം നൽകുക.
53. പ്രൊമോട്ടർമാർ എല്ലാ ബുധനാഴ്ച്ചയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ ഹാജരാകേണ്ടതും, ആഴ്ച്ചയിൽ ഒരു ദിവസമെങ്കിലും പ്രവർത്തന പരിധിയിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഹാജരാകേണ്ടതുമാണ്. മാസത്തിൽ ഒരു ദിവസം ഐ.റ്റി.ഡി.പി പ്രോജക്ടാഫീസിൽ/ ട്രൈബൽ ഡെവലപ്പ്മെന്റാഫീസുകളിൽ നടക്കുന്ന പ്രെമോട്ടർമാരുടെ പ്രവൃത്തി അവലോകനത്തിൽ കൃത്യമായി പങ്കെടുക്കേണ്ടതുമാണ്. ബാക്കിയുള്ള ദിവസങ്ങളിൽ പ്രെമോട്ടർമാർ അവരുടെ പ്രവർത്തനപരിധിയിലുള്ള സെറ്റിൽമെന്റുകളിൽ/ കോളനികളിൽ തന്നെ ഉണ്ടായിരിക്കേണ്ടതാണ്.
54. പ്രൊമോട്ടർമാർ ഓരോ മാസവും ചെയ്ത പ്രവൃത്തികളെ കാണിക്കുന്ന നിശ്ചിത മാതൃകയിലുള്ള (മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്) ഒരു വർക്ക് ഡയറി ട്രൈബൽ ഡവലപ്പ്മെന്റാഫീസർ/പ്രോജക്ടാഫീസർമാർക്ക് നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**പോൾ ആന്റണി**
പ്രിൻസിപ്പൽ സെക്രട്ടറി

അനുബന്ധം

## എസ്.റ്റി പ്രൊമോട്ടർമാരുടെ വർക്ക് ഡയറിയുടെ മാതൃക

| തീയതി | സമയം | | സന്ദർശിച്ച സ്ഥലം | ബന്ധപ്പെട്ട വ്യക്തികൾ/ ഓഫീസർമാർ | നിർവ്വഹിച്ച സേവനം |
|---|---|---|---|---|---|
| | ........ മുതൽ | .......... വരെ | | | |
| | | | | | |

**അനുബന്ധം - 2**

## പട്ടികവർഗലിസ്റ്റ്

(As per the Scheduled Castes and Scheduled Tribes Order (Amendment) Act, 2002 (Act 10 of 2003) Vide part -VIII- Kerala- Second Schedule notified in the Gazette of India, dt.8.1.2003)

| | |
|---|---|
| 1. Adiyan | അടിയാൻ |
| 2. Arandan (Aranadan) | അരനാടൻ |
| 3. Eravallan | ഇരവാലൻ |
| 4. Hill Pulaya, (Mala Pulaya, Kurumba Pulayan, Karavazhi Pulayan, Pamba Pulayan) | ഹിൽ പുലയൻ (മല പുലയൻ, കുറുമ്പ പുലയൻ, കരവഴി പുലയൻ, പാമ്പ പുലയൻ) |
| 5. Kadar, (Wayanad Kadar) | കാടർ, വയനാട് കാടർ |
| 6. Irulan, Irular | ഇരുളൻ, ഇരുളർ |
| 7. XXX | |
| 8. Kanikaran, Kanikkar | കാണിക്കാരൻ, കാണിക്കാർ |
| 9. Kattunayakan | കാട്ടുനായിക്കൻ |
| 10. Kochuvelan | കൊച്ചുവേലൻ |
| 11. XXX | |
| 12. XXX | |
| 13. Koraga | കൊറഗ |
| 14. XXX | |
| 15. Kudiya, Melakudi | കുടിയ, മേലക്കുടി |
| 16. Kurichan, (Kurichian) | കുറിച്ച്യൻ, കുറിച്ചിയൻ |
| 17. Kurumans, (Mullu Kuruman, Mulla Kuruman, Mala Kuruman) | കുറുമൻ (മുള്ളുകുറുമൻ, മുള്ളകുറുമൻ, മലകുറുമൻ) |
| 18. Kurumbas, (Kurumbar, Kurumban) | കുറുമ്പർ, കുറുമ്പൻ |
| 19. Maha Malasar | മഹാമലസർ |
| 20. Malai Arayan (Mala Arayan) | മലൈ അരയൻ, മലഅരയൻ |
| 21. Malai Pandaram | മലൈ പണ്ടാരം |
| 22. Malai Vedan (Malavedan) | മലൈ വേടൻ, മലവേടൻ |
| 23. Malakkuravan | മലക്കുറവൻ |
| 24. Malasar | മലസർ |

| | |
|---|---|
| 25. Malayan, Nattu Malayan, Konga Malayan (Excluding the areas comprising the Kasaragode, Cannanore,Wayanad and Kozhikkode District) | മലയൻ, നാട്ടുമലയൻ, കൊങ്ങ മലയൻ (കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് എന്നീ ജില്ലകൾ ഒഴികെ) |
| 26. Malayarayar | മലയരയർ |
| 27. Mannan (to be spelt in Malayalam script in Parenthesis) | മന്നാൻ |
| 28. XXX | |
| 29. Muthuvan, Mudugar, Muduvan | മുതുവാൻ, മുഡുഗർ, മുഡുവാൻ |
| 30. Palleyan, Palliyan, Palliyar, Paliyan | പളിയൻ, പള്ളിയൻ,പള്ളിയാർ, പളിയൻ |
| 31. XXX | |
| 32. XXX | |
| 33. Paniyan | പണിയൻ |
| 34. Ulladan(Ullatan) | ഉള്ളാടൻ |
| 35. Uraly | ഊരാളി |
| 36. Malavettuvan (in Kasaragod and Kannur districts) | മലവേട്ടുവൻ (കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ) |
| 37. Ten Kurumban, Jenu Kurumban | തേൻ കുറുമ്പൻ, ജേനു കുറുമ്പൻ |
| 38. Thachanadan, Thachanadan Moopan | തച്ചനാടൻ, തച്ചനാടൻ മൂപ്പൻ |
| 39. Cholanaickan | ചോലനായിക്കൻ |
| 40. Mavilan | മാവിലാൻ |
| 41. Karimpalan | കരിംപാലൻ |
| 42. Vetta Kuruman | വെട്ടകുറുമൻ |
| 43. Mala Panickar | മല പണിക്കർ |